ന്നതിന് ഹൈക്കോടതിയുടെ കൺഫർമേഷൻ ആവശ്യമാണെന്നാണ് സെക്ഷൻ 17 സൂചിപ്പിക്കുന്നത്. ഈ വകുപ്പ് വളരെയധികം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും ഒരു പ്രത്യേക സമൂഹത്തിന് മാത്രമായി, അതായത് ക്രിസ്ത്യൻ സമൂഹത്തിന് മാത്രമായി വരുത്തിത്തീർക്കുന്നതാകയാൽ ആവശ്യമായ നിയമ ഭേദഗതികൾ വരുത്തി നിയമത്തിൽനിന്ന് ഈ വകുപ്പ് ഒഴിവാക്കുന്നതിനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 1954-ലെ ക്രിസ്ത്യൻ മാര്യേജ് ആക്ടും 1958-ലെ ഹിന്ദു മാര്യേജ് ആക്ടും പ്രകാരം വിവാഹം കഴിച്ച് വിവാഹമോചിതരാകുന്നവർക്കൊന്നും ഈ നിയമം ബാധകമല്ല. ഈ വർഷംതന്നെ കേരള ഹൈക്കോടതിയിൽ വന്ന Mathew and Another Vs. Union of India എന്ന കേസിൽ കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ സുപ്രധാനമായ ഒരു വിധി പ്രഖ്യാപിക്കുകയുണ്ടായി. ആ വിധിയിൽ പറയുന്ന ഒരൊറ്റ വാചകം മാത്രം, ഗവൺമെന്റിനുള്ള ഒരു ഡയറക്ഷൻ മാത്രം, വായിക്കാം. ആ വിധിയിൽ വളരെ വ്യക്തമായി ജഡ്ജിമാർ സൂചിപ്പിക്കുന്നു. ഇത് ഈ കമ്മ്യൂണിറ്റിക്ക് മാത്രം വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നുവെന്ന്. ആകയാൽ ആ ഒറ്റവരി ഞാൻ വായിക്കാം. "In the light of this, we direct the Government of Kerala to bring in an amendment on the lines of Uttar Pradesh amendment as we feel that such an amendment is necessary and expedient." അതുകൊണ്ട് ബഹു. മന്ത്രി ഈ കാലഘട്ടത്തിൽ സഭയുടെ ഈ പീരിയേഡിൽ തന്നെ നിയമ ഭേദഗതിയിലൂടെ ഈ വകുപ്പ് ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര നിയമവകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അത് വളരെ കഷ്ടമാണ്. ഡൈവോഴ്സ് കേസ് ഡിസ്ട്രിക്ട് കോടതിയിലായിക്കഴിഞ്ഞാൽ ഹൈക്കോടതി ഫുൾ ബഞ്ചിന്റെ അംഗീകാരം കിട്ടാൻ - 25-ാമത്തെ വയസ്സിൽ ഡൈവോഴ്സായ സ്ത്രീക്കും പുരുഷനും 10 വർഷം കഴിഞ്ഞാലും ഡൈവോഴ്സ് കിട്ടുന്നില്ല. അത് കിട്ടിക്കഴിഞ്ഞിട്ടേ കല്യാണം കഴിക്കാൻ കഴിയൂ. അതുകൊണ്ട് ഇത് വലിയൊരു പ്രശ്നമാണ്. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഹൈക്കോടതിയുടെ ഒരു ഡയറക്ഷൻ ഉണ്ട്. അത് വാങ്ങിച്ചിട്ട് അതനുസരിച്ച് ബിൽ ഡ്രാഫ്റ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിയുന്നതും വേഗം നിയമസഭയിൽ കൊണ്ടുവരുന്നതാണ്.

(8) കുളമ്പ്രോഗബാധമൂലം കന്നുകാലികൾ ചത്തൊടുങ്ങുന്നതിനാൽ ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : സർ, നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി കുളമ്പ്രോഗം പടർന്നു പിടിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലും കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലും പതിനായിരക്കണക്കിന് കറവപ്പശുക്കൾ ഈ രോഗം മൂലം ചത്തൊടുങ്ങുകയാണ്. പ്രതിരോധ ചികിത്സകളെല്ലാം നിഷ്ഫലമാണ്. രോഗം കൂടുതൽ പ്രദേശങ്ങളിൽ വ്യാപിക്കുമെന്നുള്ളതുകൊണ്ട് ക്ഷീരകർഷകർ ഭീഷണിയെ നേരിടുകയാണ്. ചിറയിൻകീഴ് താലൂക്കിലാകെ നാശം വിതച്ച് കൂടുതൽ മേഖലകളിലേക്ക് ഇത് വ്യാപിക്കുന്നു. പ്രതിരോധചികിത്സ കിട്ടിയ കന്നുകാലികൾ പോലും ചത്തൊടുങ്ങുന്നു. രോഗം കരളിനേയും ശ്വാസകോശത്തേയും ബാധിക്കുകയാണെന്നാണ് വിദഗ്ദ്ധരായ ആളുകളുടെ അഭിപ്രായം. ചികിത്സ ഫലപ്രദമാകുന്നില്ല. രോഗവിമുക്തമാകുന്ന കന്നുകാലികളിൽ നിന്ന് പാലും ലഭി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. ഇതുമൂലം കർഷകർക്ക് വമ്പിച്ച തിരിച്ചടിയാണുണ്ടാകുന്നത്. ഇന്ന് ചിറയിൻകീഴ് താലൂക്കിലാകെ അഴൂർ, വക്കം, മംഗലപുരം, പോത്തൻകോട്, അണ്ടൂർകോണം, കഠിനംകുളം, കഴക്കൂട്ടം, നെടുമങ്ങാട്, നെയ്യാറ്റിൻകര തുടങ്ങിയ പ്രദേശങ്ങളുൾപ്പെടെ രോഗം വ്യാപകമായി വ്യാപിച്ചിരിക്കുകയാണ്. സാധാരണരീതിയിൽ കാണുന്ന രോഗമല്ല ഇപ്പോൾ കാണുന്നത്. സാധാരണ കുളമ്പ് മാത്രമാണ് അഴുകുന്നത്. ഇപ്പോൾ അങ്ങനെയല്ല. ഈ രോഗം വന്നാൽ രണ്ടോ മൂന്നോ ദിവസത്തിനകം തന്നെ അത് മരിച്ചുപോവുകയാണ് ചെയ്യുന്നത്. കുത്തിവയ്പ്പ് ഫലപ്രദമാകുന്നില്ല. നാഷണൽ ഡയറി ഡെവലപ്പ്മെന്റിന്റെ സഹായത്തോടുകൂടിയാണ് പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നത്. നാളിതുവരെ രോഗം ബാധിച്ചത് 19,220 കന്നുകാലികൾക്കാണെന്നാണ് സർക്കാർ കണക്ക്. 253 പശുക്കൾ ഇതിനകം മരിച്ചുകഴിഞ്ഞു. സർക്കാർ നഷ്ടപരിഹാരമായി 3000 രൂപ കൊടുക്കുന്നുണ്ട്. സങ്കരയിനം പശുക്കൾക്ക് ഇപ്പോൾ പതിനയ്യായിരം മുതൽ ഇരുപതിനായിരം രൂപവരെ വിലയുള്ളപ്പോൾ ഈ തുക അപര്യാപ്തമാണ്. പശുവളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച കർഷകരുടെ സാമ്പത്തിക അടിത്തറ തകർന്ന് കൃഷിക്കാർ ഇന്ന് കൊടും പട്ടിണിയിലാണ്. ഈ പശുക്കളെക്കൊണ്ട് മാത്രം ഉപജീവനം നടത്തുന്ന ഈ കൃഷിക്കാരെ രക്ഷിക്കുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം. രോഗം ബാധിച്ച പ്രദേശത്തെ പശുക്കളുടെ പാൽ ഇപ്പോൾ ഡയറികളിൽ ഒന്നുംതന്നെ എടുക്കുന്നില്ല. പശുക്കളെ ഇൻഷർ ചെയ്തിട്ടുണ്ടെങ്കിലും മതിയായ തുക ലഭിക്കുന്നില്ല. അതുകൊണ്ട് ഈ പാവങ്ങളെ രക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. രോഗബാധിതപ്രദേശങ്ങളിലെ കൃഷിക്കാർക്ക് ഫ്രീ റേഷൻ നൽകണം. അതുപോലെ അവർ എടുത്തിട്ടുള്ള വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുകയോ ദീർഘകാല വായ്പകളാക്കിക്കൊടുക്കുകയോ ചെയ്യാനും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ബഹു.മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര ,നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, കേരളത്തിൽ ഇത് ബാധിച്ചത് അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉരുക്കൾ വന്നതുകൊണ്ടാണ്. അത് പ്രതിരോധിക്കുന്നതിനായി നമ്മുടെ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫർമാർ വെറ്ററിനറി ഡിപ്പാർട്ട്മെന്റിന് സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് മുഴുവൻ സ്ഥലങ്ങളിലും ഉള്ള പശുക്കൾക്ക് വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. നമ്മൾ ഇപ്പോൾ സാധാരണ ഉപയോഗിക്കുന്ന വാക്സിന് മൂന്നരമാസത്തേയ്ക്ക് മാത്രമേ ഇമ്മ്യൂണിറ്റി ഉള്ളൂ. അതുകൊണ്ട് ഇപ്പോൾ 9 മാസത്തെ ഇമ്മ്യൂണിറ്റിയുള്ള ഓയിൽ ബേസ്ഡ് വാക്സിൻ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. വാക്സിനേഷൻ പ്രോസസ് നടക്കുന്നതോടൊപ്പം തന്നെ ഇതുവരെ ഒരു പശു മരിച്ചാൽ ഗവൺമെന്റ് കോമ്പൻസേഷൻ അല്ലെങ്കിൽ ദുരിതാശ്വാസ പദ്ധതി അനുസരിച്ച് നൽകുന്നത് 1500 രൂപയായിരുന്നു, അത് 3000 രൂപയാക്കിയിട്ടുണ്ട്. ബഹു. മെമ്പർ പറഞ്ഞത് ശരിയാണ്. 15,000 രൂപ മുതൽ 20,000 രൂപവരെയൊക്കെ ഒരു പശുവിന് വിലയുള്ളപ്പോൾ ഇത് വളരെ പരിമിതമാണ്. പിന്നെ ഈ വർഷം ഏർപ്പെടുത്തിയിരിക്കുന്ന കാമധേനു ഇൻഷുറൻസ് സ്കീം വ്യാപകമായി നടപ്പിലാക്കാൻ പഞ്ചായത്തുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അത് നടപ്പിലാക്കിയാൽ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് അനുസരിച്ച് അവർ പറയുന്ന വില കിട്ടാനുള്ള സാദ്ധ്യതയുണ്ട്. ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് അതിന് പഞ്ചായത്തുകൾക്കെല്ലാം ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ആ ഇൻഷുറൻസ് സ്കീം വ്യാപകമാക്കും.

362/2010.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെതന്നെ ഇന്ന് 12 കോടി രൂപ കേരളത്തെ ടോട്ടലായിട്ട് ഈ രോഗത്തിൽനിന്ന് വിമുക്തമാക്കുന്നതിനുള്ള ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിനായിട്ട് നീക്കിവച്ച് നടപടികൾ ആരംഭിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ റിപ്പീറ്റ് ചെയ്ത് ഇൻജെക്ഷൻ കൊടുത്തിട്ട് ഈ ഒരു വർഷം കൊണ്ട് ടോട്ടൽ ഇമ്മ്യൂണൈസേഷനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(9) വേളി ടൂറിസ്റ്റ് വില്ലേജിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച്

ശ്രീ. ആന്റണി രാജു : സർ, അങ്ങയുടെ നിയോജകമണ്ഡലത്തിലെ ആക്കുളത്തിനു കൂടി പ്രയോജനം ചെയ്യുന്ന ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. പ്രകൃതിരമണീയമായ വേളി വിനോദസഞ്ചാര കേന്ദ്രത്തിന്റെ അനന്തമായ സാധ്യതകൾ നമുക്ക് ഇതുവരെ പൂർണ്ണമായി പ്രയോജനപ്പെടുത്താനോ വികസിപ്പിച്ചെടുക്കാനോ കഴിഞ്ഞിട്ടില്ല. വിദേശരാജ്യങ്ങളും ഇൻഡ്യയിലെത്തന്നെ പല സംസ്ഥാനങ്ങളും വിനോദസഞ്ചാര വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മെഗാ പ്രോജക്ടുകളുമായിട്ട് മുന്നോട്ടു പോകുമ്പോൾ നമ്മൾ ചെറിയ ചെറിയ പ്രോജക്ടുകളെക്കുറിച്ചാണ് ആലോചിക്കുന്നത്. സാമ്പത്തികപ്രതിസന്ധിയാണ് പലപ്പോഴും നമ്മെ ഇതിന് അനുവദിക്കാതെ പോകുന്നത്. സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണെങ്കിലും മെഗാ പ്രോജക്ടുകൾ ഏറ്റെടുക്കണം. രാജ്യാന്തര വിമാനത്താവളത്തിന്റെ സാമീപ്യമുള്ളതും തിരുവനന്തപുരം നഗരാതിർത്തിക്കുള്ളിലുള്ളതുമായ വേളി വിനോദസഞ്ചാരകേന്ദ്രം കേരളത്തിലെ ഏറ്റവും വലിയ ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിച്ചെടുക്കുന്നതിന്, അമ്യൂസ്മെന്റ് പാർക്ക് ഉൾപ്പെടെ രാജ്യാന്തരനിലവാരത്തിലുള്ള അകേറിയം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി ബൃഹത്തായ ഒരു വികസന പദ്ധതിയ്ക്ക് അടിയന്തിരമായ നടപടികൾ കൈക്കൊള്ളണമെന്ന് ബഹു.മന്ത്രിയോട് ആവശ്യപ്പെടുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഇത് സൗത്ത് ഇൻഡ്യയിലെ ഏറ്റവും നല്ല വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇപ്പോൾ 25 ഏക്കർ കൂടി അകയർ ചെയ്തിട്ടുണ്ട്. ഇപ്പോൾത്തന്നെയുള്ളത് പൊഴിക്കര ഭാഗത്തെ ലാൻഡ്സ്കേപ്പിംഗ്, കുട്ടികളുടെ പാർക്ക് എന്നിവയുടെ വികസനം, മിനി ട്രെയിൻ സ്ഥാപിക്കുക എന്നിവയാണ്. മിനി ട്രെയിനിന്റെ കാര്യം ഇപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ ഗവൺമെന്റ് ട്രെയിൻ ഓടിച്ചാൽ ഇടയ്ക്കിടയ്ക്ക് കിടന്നുപോകും. അതുകൊണ്ട് അതൊക്കെ പ്രൈവറ്റ് സെക്ടറിനെ ഏൽപ്പിച്ച് അവരെക്കൊണ്ട് നടത്തിക്കാനാണ് നോക്കുന്നത്. അതുകൂടാതെ പുതിയതായി ഏറ്റെടുത്ത ഭൂമിയിൽ അമ്യൂസ്മെന്റ് പാർക്ക്, ഓഷ്യനേറിയം, ഡോൾഫിനേറിയം ഇതെല്ലാം സ്ഥാപിക്കാനായിട്ട് ടെണ്ടർ വിളിച്ചു. ഇന്റർനാഷണൽ ഏജൻസീസ് വരെ വന്നിട്ടുണ്ട്. അതിൽ അവർ 6 പേരെ വീതം എടുത്തു കഴിഞ്ഞു. അവർക്ക് ഈ സ്ഥലം കൊടുക്കുന്നതിന് അതിന്റെ കോൺട്രാക്ട് ടേംസ് ക്യാബിനറ്റ് അപ്രൂവ് ചെയ്തുകഴിഞ്ഞാൽ അതിൽ നിന്ന് ചൂസ് ചെയ്ത് എടുക്കാം. ഒരുവർഷത്തിനകം കുട്ടികളുടെ അമ്യൂസ്മെന്റ് പാർക്ക് perhaps the best in South India - ഓഷ്യനേറിയം, ഡോൾഫിനേറിയം പിന്നെ കുട്ടികൾക്കുള്ള ട്രെയിൻ സർവ്വീസ്, ബോട്ടിംഗ് ഫെസിലിറ്റീസ്, അതുകൂടാതെ അവിടേയ്ക്ക് വരുന്ന റോഡ് വൈഡനിംഗ് ചെയ്തിട്ട് അവിടെ ലൈറ്റിംഗ്

LIBRARY ARCHIVES Kerala Legislative Assembly